LIBRARY ARCHIVES Kerala Legislative Assembly

സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ചിന്റെ പ്രവർത്തനം

73 (2078) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിലെ ഗവേഷണം ത്വരിത പ്പെടുത്താനും എഞ്ചിനീയറിംഗ് ഗവേഷണത്തിന് മാർഗ്ഗനിർദ്ദേശം നൽകാനും വേണ്ടി പുതുതായി ആരംഭിച്ച സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ചിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്തെ വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ വിഭവശേഷി ഏകോപിപ്പിച്ച് ഗവേഷണ പരിപാടികൾക്ക് നേതൃത്വം നൽകാൻ പ്രസ്തുത സ്ഥാപനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിന് ഏതൊക്കെ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരണം ലഭ്യമാക്കിയിട്ടുണ്ട് ;

(ഡി) നൂതന ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം ലഭ്യമാക്കാൻ പ്രസ്തുത സെന്റർ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ വിഭവശേഷി ഏകോപിപ്പിച്ച് ഗവേഷണ പരിപാടികൾക്ക് നേതൃത്വം നൽകാൻ വിവിധ പരിപാടികൾ നടത്തുന്നുണ്ട്. വിവിധ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ വിഭവശേഷി വിലയിരുത്തുന്നതിനായി ഭൗതിക സൗകര്യങ്ങളുടേയും മാനവശേഷിയുടെയും വിവരസമാഹരണം നടത്തുകയുണ്ടായി. കൂടാതെ കൂട്ടായ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്യാൻ 2 ശിൽപ്പശാലകൾ നടത്തി. വ്യവസായ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ റിസർച്ച് ക്ലസ്റ്ററുകൾ രൂപീകരിക്കാനുള്ള നീക്കം നടത്തി വരുന്നു. അദ്ധ്യാപക ഗവേഷണത്തിലും, വിദ്യാർത്ഥി പ്രോജക്ടുകളും ഇത്തരം ഏകോപിപ്പിച്ച ക്ലസ്റ്ററുകളിലൂടെ നടത്തി എടുക്കാനാണ് ഉദ്ദേശം.

(സി) വിവിധ അന്തർദേശീയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധൻമാരെ ഈ കേന്ദ്രത്തിന്റെ പരിപാടികളിൽ ഉൾപ്പെടുത്താനും അവരുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാനുമുള്ള ശ്രമം നടന്നുവരുന്നു. ഇൻഫോഡെവ് (വേൾഡ് ബാങ്ക് ഗ്രൂപ്പ് സ്ഥാപനം), US Navy, SIDA, വിവിധ അന്തർദേശീയ യൂണിവേഴ്സിറ്റികൾ എന്നിവയുമായി ഇത്തരം ചർച്ച പുരോഗമിക്കുന്നുണ്ട്.

(ഡി) നൂതന ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം ലഭ്യമാക്കുവാൻ 37 അദ്ധ്യാപക ഗവേഷണ പ്രോജക്ടുകളും, 28 വിദ്യാർത്ഥി പ്രോജക്ടുകളും തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൂടാതെ മൂന്ന് മികവിന്റെ കേന്ദ്രങ്ങളും നാല് ഇന്നവേഷൻ സെന്ററുകളും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.സി.സി. ആരംഭിക്കുന്നതിന് നടപടി

74 (2079) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.സി.സി. ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വി.എച്ച്.എസ്.സി. സ്കൂളുകളിൽ സ്ഥിരമായി പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വി.എച്ച്.എസ്.സി. സ്കൂളുകളിൽ സ്ഥിരം ക്ലാർക്ക്, പ്യൂൺ തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും സ്ഥിരം ക്ലാർക്കുമാരുടെ തസ്തിക നിലവിലുണ്ട്. കുറഞ്ഞത് മൂന്ന് കോഴ്സുകളെങ്കിലും ഉള്ള സ്കൂളുകളിൽ പ്യൂൺ തസ്തിക നിലവിലുണ്ട്.

സെറ്റ് പരീക്ഷയിലെ കൂട്ടത്തോൽവി

75 (2080) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറ്റ് പരീക്ഷയിലെ കഴിഞ്ഞ വർഷത്തെ വിജയശതമാനം എത്രയായിരുന്നു ;

(ബി) കൂട്ടത്തോൽവി സംബന്ധിച്ച് അന്വേഷണം നടത്താൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ കൂട്ടത്തോൽവി ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly